# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-2026**

## അമൃത ബോയ്സ് ഹൈസ്കൂൾ

പറക്കോട്



**സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി**

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

AMRITA BOYS H.S
PARAKODE

INDUKALA. K
Teacher in - charge
PEN No. 298723
Amrita Boys H.S; Parakode

# ആമുഖം

ഊഹാതീത കാലം മുതൽ കേരളത്തിലെ പ്രശസ്തമായ വ്യാപാര കേന്ദ്രമായിരുന്നു പറക്കോട് അനന്തരമപുരം മാർക്കറ്റ്. എന്നാൽ ഇന്നാട്ടിലെ ജനങ്ങൾക്ക് വിദ്യാഭ്യാസം നേടുന്നതിന് വേണ്ട വിദ്യാലയങ്ങൾ അപര്യാപ്തമായിരുന്നു. മാനേജർ ഗോവിന്ദപിള്ള എന്ന് ഭക്തി പുരസരം ജനങ്ങൾ വിളിച്ചിരുന്ന സർവ്വശ്രീ ഇടക്കെട്ടിൽ പി. ഗോവിന്ദപിള്ള അവറുകളുടെ എക്കാലത്തെയും ആഗ്രഹമായിരുന്നു ഇന്നാട്ടിൽ ഒരു ഇംഗ്ലീഷ് വിദ്യാലയം തുടങ്ങുക എന്നത്.എന്നാൽ സഫലീകരിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ മരുമകനായ സർവ്വശ്രീ. അമ്പിയിൽ ആർ.ശങ്കരപ്പിള്ള അവർകൾക്കാണ്. ഭാര്യാപിതാവിന്റെ സ്മരണാർത്ഥം പി. ഗോവിന്ദപിള്ള മെമ്മോറിയൽ എന്നപേരിൽ 17-4-1942 ൽ L-NO 8823-2122 എന്ന നമ്പറിൽ സ്കൂൾ തുടങ്ങൽ അനുവാദം നേടി. അങ്ങനെ 1942-43 സ്കൂൾ വർഷത്തിൽ രാജ്യസേവനനിരത കെ ജി പരമേശ്വരൻ പിള്ള (കൊല്ലം) രക്ഷാധികാരിയും അമ്പിയിൽ ശ്രീ ആർ. ശങ്കരപ്പിള്ള മാനേജറുമായി പി. ഗോവിന്ദപിള്ള മെമ്മോറിയൽ ഇംഗ്ലീഷ് മിഡിയം സ്കൂൾ ആരംഭിച്ചു.

1942-43 മിഡിൽ സ്കൂൾ ആയി തുടങ്ങിയ സ്ഥാപനം 1947-48 ആയപ്പോഴേക്കും എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു ഹൈസ്കൂളായി. പി ഗോവിന്ദപിള്ള മെമ്മോറിയൽ ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. 1979 ൽ ഈ വിദ്യാലയം പി.ജി.എം. ബോയ്സ് ഹൈസ്കൂളും ഗേൾസ് ഹൈസ്കൂളും ആയി വിഭജിച്ചു. മാതൃവിദ്യാലയമായ ഈ സ്കൂൾ പി.ജി.എം.ബോയ്സ് ഹൈസ്കൂൾ ആയി തുടർന്നു. 2011-12 കാലയളവിൽ അമൃതാനന്ദമയിമഠത്തിന്സ്കൂൾ കൈമാറ്റം ചെയ്യപ്പെടുകയും തുടർന്ന് അമൃത ബോയ്സ് ഹൈസ്കൂൾ എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്നു.

2025-2026 അധ്യയന വർഷത്തിൽ യു പി വിഭാഗത്തിൽ 125 കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 240 കുട്ടികളുമായി ആകെ 365 കുട്ടികൾ പഠിക്കുന്നു. യു പി വിഭാഗത്തിലും ഹൈസ്കൂൾ വിഭാഗത്തിലുമായി ആകെ 14 ഡിവിഷനുകളുണ്ട്. പ്രധാന അധ്യാപികയെ കൂടാതെ 22 അധ്യാപകരും 4 അനധ്യാപകരും ഇവിടെ ജോലി ചെയ്യുന്നു. അക്കാദമിക പ്രവർത്തനങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന ഈ വിദ്യാലം തുടർച്ചയായി എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കികൊണ്ടേയിരിക്കുന്നു. കലോത്സവങ്ങളിലും ശാസ്ത്രോത്സവങ്ങളിലും സംസ്ഥാന തലം വരെ പങ്കെടുക്കുകയും ഉന്നത നേട്ടം കൈവരിക്കുകയും ചെയ്തു. മികച്ച ഒരു എൻസിസി യൂണിറ്റും ജെആർസി യൂണിറ്റും ഇവിടെ പ്രവർത്തിച്ചുവരുന്നു. റിപ്പബ്ലിക്ക് പരേഡുകളിൽ ഉൾപ്പെടെ പങ്കെടുത്തിട്ടുള്ള മികച്ച കേഡറ്റുകൾ ഈ സ്കൂളിന്റെ അഭിമാനമാണ്. കായികമേളകളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. ക്ലബ്ബുകളുടെ പ്രവർത്തനവും മികച്ച രീതിയിൽ മുന്നോട്ട് പോകുന്നുണ്ട്. ഇത്തരത്തിൽ എല്ലാ മേഖലകളിലും മികവുറ്റ പ്രവർത്തനങ്ങളുമായി ഈ സ്കൂൾ മുന്നേറിക്കൊണ്ടിരിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-2026

## ഉള്ളടക്കം


| നമ്പർ | തലക്കെട്ട് | പേജ് |
| --- | --- | --- |
| 1 | ആമുഖം | 1-2 |
| 2 | അക്കാദമിക പരിമിതികൾ | 3 |
| 3 | അടിസ്ഥാന വിവരങ്ങൾ | 4-7 |
| 4 | വിദ്യാലയ വികസന കാഴ്ചപ്പാട് | 8 |
| 5 | പൊതുലക്ഷ്യങ്ങൾ | 9-10 |
| 6 | സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും | 11-40 |

## പ്രതിസന്ധികൾ പരിമിതികൾ

വൈദ്യുതീകരിക്കാത്ത , അടച്ചുറപ്പില്ലാത്ത കെട്ടിടങ്ങളാണ് ഞങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം. പത്തനംതിട്ട ജില്ലയിൽ ഏറ്റവും കൂടുതൽ ആൺ കുട്ടികൾ പഠിക്കുന്ന വിദ്യാലയമെന്ന നിലയിൽ മികച്ച കായിക പരിശീലനത്തിന് ആവശ്യമായ കോർട്ടുകൾ, ആധുനിക ഉപകരണങ്ങൾ എന്നിവയുടെ അഭാവമുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുരൂപീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമഗ്രികൾ, സ്ഥിരമായ റിസോഴ്സ് അധ്യാപകർ, Adapted toilet കൾ, Wheel chair, റിസോഴ്സ് റൂം , Ramp, Rail എന്നിവയും നേടേണ്ടതായുണ്ട് .

# അടിസ്ഥാന വിവരങ്ങൾ

റവന്യൂ ജില്ലയുടെ പേര്: Pathanamthitta

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | Amrita Boys High School Parakode |
| 2 | അഡ്രസ്സ് | PARAKODE |
| 3 | ഫോൺ നമ്പർ | 04734216180 |
| 4 | ഇമെയിൽ അഡ്രസ്സ് | pgmbhs@gmail.com |
| 5 | സ്കൂൾകോഡ് | 38053 |
| 6 | ആൺകുട്ടികൾ/പെൺകുട്ടികൾ രണ്ടുംകൂടിയുള്ളത് | ആൺകുട്ടികൾ |
| 7 | സർക്കാർ /എയ്ഡഡ് /അൺഎയ്ഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ്) | ആരംഭം : 5 അവസാനം : 10 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Adoor |
| 11 | വിദ്യാഭ്യാസ ജില്ല | Pathanamthitta |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1942 |
| 13 | അസ്സംബ്ലി നിയോജകമണ്ഡലം | Adoor |
| 14 | പാർലമെന്റ് മണ്ഡലം | Pathanamthitta |
| 15 | റൂറൽ / അർബൻ | Urban |
| 16 | താലൂക്ക് | Adoor |
| 17 | പഞ്ചായത്ത് മുൻസിപ്പാലിറ്റി കോർപ്പറേഷൻ | Adoor Ward 15 |
| 18 | ഹെഡ്മിസ്റ്റ്സ് | Indukala. K |

# അധ്യാപകരുടെ എണ്ണം

| | | |
|---|---|---|
| 1. | ഹെഡ്മിസ്ട്രസ് | 1 |
| 2. | എച്ച് .എസ് .ടി | 11 |
| 3. | യു.പി.എസ് .ടി | 6 |
| 4. | പി.ഇ.ടി | 1 |
| 5. | മ്യൂസിക് | 1 |
| 6. | യു.പി.എസ് .ടി (സംസ്കൃതം) | 1 |
| 7. | അനധ്യാപകർ | 4 |
| 8. | യു.പി.എസ് .ടി (ഹിന്ദി) | 1 |

# വിദ്യാലയ വികസന കാഴ്ചപ്പാട്

അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി എല്ലാ ക്ലാസ്റൂമുകളും ഹൈടെക് ആക്കുകയാണ് നമ്മുടെ ലക്ഷ്യം. അതിനുവേണ്ടി കമ്പ്യൂട്ടറുകൾ, പ്രോജെക്ടറുകൾ, ഇന്ററാക്ടീവ് ബോർഡ്, ലാപ്ടോപ്പ് എന്നിവ ആവശ്യമാണ്. മികച്ച ഒരു ലൈബ്രറി സ്കൂളിൽ ഉണ്ടെങ്കിലും പുതിയ പാഠ്യപദ്ധതിക്ക് അനുസൃതമായി റഫർ ചെയ്യാൻ പറ്റുന്ന പുസ്തകങ്ങളുടെ അഭാവം നിലനിൽക്കുന്നു. ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര ലാബുകൾ നവീകരിക്കേണ്ടതുണ്ട്. കലാപഠനത്തിനു ആവശ്യമായ സംഗീതോപകരണങ്ങൾ, കായിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ളവ ലഭിക്കേണ്ടതുണ്ട്. നവീകരിച്ച അടുക്കളയും ഭക്ഷണശാലയും ആവശ്യമാണ്. മികച്ച നിലവാരത്തിലുള്ള ശുചിമുറികൾ നിർമിക്കണം. ഔഷധസസ്യ ഉദ്യാനം ജൈവവൈവിധ്യ ഉദ്യാനം, പച്ചക്കറിത്തോട്ടം എന്നിവ കൂടുതൽ മികവുറ്റതാക്കണമെന്ന കാഴ്ചപ്പാടോടെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകേണ്ടതുണ്ട്.

മെച്ചപ്പെട്ട അക്കാദമിക പ്രവർത്തനങ്ങളും IT എയ്ഡഡ് പഠനരീതിയും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സമഗ്ര ഗുണമേന്മാവർഷമായി 2025-26 മാറണം എന്ന ലക്ഷ്യം മുൻനിറുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

## സമഗ്ര ഗുണമേന്മാ പദ്ധതി - പൊതുലക്ഷ്യങ്ങൾ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സാർത്ഥകമാക്കാൻ ഉദ്ദേശിക്കുന്ന പൊതുവായ കാര്യങ്ങൾ പൊതുലക്ഷ്യങ്ങൾക്കായി അവതരിപ്പിക്കുന്നു .

1] എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനനേട്ടങ്ങൾ, ശേഷികൾ ഇവ കൈവരിച്ചു എന്ന് ഉറപ്പ വരുത്തുക.

2] എല്ലാ കുട്ടികളേയും അവരുടെ ജീവിതത്തിൽ പ്രാപ്തരാക്കാൻ വേണ്ട അടിസ്ഥാന വിദ്യാഭ്യാസം [ഭാഷനൈപുണി, ഗണിതശേഷികൾ, മൂല്യബോധം......] കൈവരിക്കുന്നതിന്.

3] ഓരോ കുട്ടിയേയും Talent lab ആയി കണ്ട് അവനിലെ സർഗപരവും, കായികവും, ക്രിയാത്മകവും, അക്കാദമികവുമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന്.

4] ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ട് അവനിലെ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശീയ അന്തർ ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

5] ഓരോ കുട്ടിയേയും ശക്തി – ദൗർബല്യങ്ങൾ തിരിച്ചറിയുന്നതിന് അവന്റെ സാമൂഹിക, സാംസ്കാരിക, കുടുംബ പശ്ചാത്തലങ്ങൾ മനസ്സിലാക്കി പ്രൊഫൈൽ തയ്യാറാക്കാം.

6] പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭൂരിഭാഗം കുട്ടികളുടെയും കുടുംബ പശ്ചാത്തലം വേണ്ടത്ര നിലവാരം പുലർത്തുന്നില്ല. ഇത്തരം കുട്ടികൾക്ക് ഉണ്ടാകുന്ന മാനസിക സമ്മർദ്ദങ്ങളെ ലഘൂകരിക്കാൻ കുട്ടികൾക്കും രക്ഷിതാക്കൾക്കും കൃത്യമായ കൗൺസിലിങ്ങും തുടർ പ്രവർത്തനവും നൽകുന്നതാണ്. അതിനായി സ്ഥിരമായുള്ള കൗൺസിലറുടെ സേവനം ലഭ്യമാക്കണം.

7 ) ലഹരി വിമുക്ത കാമ്പസ് എന്ന മുദ്രവാക്യം ഉയർത്തിപിടിക്കുന്നതിനു വേണ്ടി കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ , ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിക്കുന്നതിനു.

8 ) ശുചിത്വ –ആരോഗ്യ വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക അതിലൂടെ ജീവിത ശൈലി രോഗങ്ങളിൽ നിന്നും കുട്ടികളെ രക്ഷനേടുന്നതിനു പ്രാപ്തരാക്കുക.

9 ) DIAGANOSTIC TEST കൾ നടത്തി നിലവിൽ കുട്ടികൾ നേടിയിട്ടുള്ള ശേഷികൾ മനസിലാക്കുകയും അതിനനുസൃതമായി പഠന സാമഗ്രികളുടെ നിർമാണത്തിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിനും.

10 ) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു അനുരൂപീകരണ പ്രക്രിയയ്ക്ക് സഹായിക്കുന്ന സാമഗ്രഹികൾ ഉൾപ്പെടുന്ന റിസോർഴ്സ് റൂം നിർമിക്കുന്നതിന്.

11) പരിസ്ഥിതി സൗഹൃദ വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനു വേണ്ടി ജൈവ വൈവിധ്യ ഉദ്യാനം,പ്ലാസ്റ്റിക് രഹിത കാമ്പസ്, ബയോഗ്യാസ് പ്ലാന്റ് മുതലായവയുടെ പ്രവർത്തനം.

12 ) ആധുനിക സൗകര്യങ്ങളോടു കൂടിയ അടുക്കളയുടെയും ഭക്ഷണശാലയുടെയും നിർമ്മാണം.

13 ) മികച്ച നിലവാരത്തിലുള്ള ശുചിമുറിയുടെ നിർമ്മാണം.

14 ) എല്ലാ ക്ലാസ്സ്മുറികളും ഹൈടെക് ആക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന്.

15 ) ലൈബ്രറി നവീകരണം,ഡിജിറ്റലൈസേഷൻ, കോർണർ ലൈബ്രറി, ബാഗ് ലൈബ്രറി.

16 ) ലാബുകളുടെ നവീകരണം :- ഗണിത ശാസ്ത്ര, ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര ലാബുകളുടെ നവീകരണത്തിന് ആവശ്യമായ സ്ഥലസൗകര്യം കണ്ടെത്തുന്നതിന്

17] കായിക പരിശീലനത്തിൽ വിദഗ്ധരുടെ സേവനം ഉറപ്പാക്കുന്നതിന് വ്യത്യസ്ത കായിക ഇനങ്ങൾക്കുള്ള കോർട്ടുകളുടെ നിർമ്മാണം.

18] സംഗീത ഉപകരണങ്ങൾ നേടുന്നതിനും അവയുടെ പരിശീലനത്തിനുമുള്ള സാഹചര്യം ഒരുക്കൽ.

19] കുട്ടിയിലെ നിർമ്മാണ പരമായ കഴിവുകൾ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

20] കുട്ടികൾക്ക് അടിയന്തരമായി പ്രഥമശുശ്രൂഷ, വൈദ്യ സഹായം എന്നിവ ലഭ്യമാകാൻ ആവശ്യമായ ആധുനിക രീതിയിലുള്ള ഒരു ശുശ്രൂഷാലയത്തിന്റെ നിർമ്മാണവും, വിദഗ്ധരുടെ സേവനവും ലഭ്യമാക്കുന്നതിന്.

21] പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സജ്ജമാക്കൽ.

22] സാമൂഹികമായും സാമ്പത്തികമായും ശാരീരികമായും അവശത അനുഭവിക്കുന്ന വിഭാഗത്തിലെ കുട്ടികൾക്കുള്ള ധനസഹായപദ്ധതി ആവിഷ്ക്കരിക്കുന്നതിന്.

23] മൂല്യബോധം വളർത്തുന്നതിന് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്.

24] കുടുംബാന്തരീക്ഷത്തിലുണ്ടാകുന്ന അരക്ഷിതാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം രക്ഷിതാക്കൾക്കും കുട്ടികൾക്കും നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

25] മാറിവരുന്ന സാഹചര്യങ്ങൾക്കനുസൃതമായി കുട്ടികളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും കൃത്യമായി വഴി കാട്ടുന്നതിനുമായി ഗൈഡൻസ് & കൗൺസിലിങ്ങ് സെഷനുകൾ സംഘടിപ്പിക്കൽ

2024–25 അക്കാദമിക വർഷം ഉണ്ടായിരുന്ന മികവ് ഒരുക്കം, ഉണർവ്വ്, ഒരുമയുടെ പടയൊരുക്കം, കൈത്താങ്ങ് എന്നീ പദ്ധതികൾ വരുംവർഷങ്ങളിലും തുടരാൻ തീരുമാനിച്ചു.

# മികവൊരുക്കം

| നമ്പർ | മുഖ്യലക്ഷ്യം | പ്രവർത്തനം | കാലാവധി | പിന്തുണ | സാമ്പത്തിക-വിശകലനം |
|---|---|---|---|---|---|
| 1 | പത്താം ക്ലാസ്സിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തി അവരെ മികവിലേക്കുയർത്തുക | രാവിലെ ഒരു മണിക്കൂർ പ്രത്യേക പഠന പിന്തുണ നൽകുന്നു | 1 വർഷം | HM<br>അധ്യാപകർ<br>PTA<br>SSK | Nil |
| 2 | പരീക്ഷയുമായി ബന്ധപ്പെട്ട കുട്ടികൾക്ക് ഉണ്ടാകുന്ന മാനസിക സമ്മർദ്ദം പേടി എന്നിവ ലഘൂകരിക്കുന്നതിനും ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനും | പാദവാർഷിക മൂല്യനിർണയത്തോടൊപ്പം കുട്ടികൾക്ക് കൗൺസിലിംഗ് ക്ലാസുകൾ നൽകുന്നു | 1 വർഷം | HM<br>പൂർവ്വ അധ്യാപകർ.<br>പ്രാദേശിക വിദഗ്ധർ | Nil |
| 3 | വാർഷിക പരീക്ഷക്ക് ഉയർന്ന വിജയം കരസ്ഥമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് | വൈകുന്നേരങ്ങളിൽ ഒരു മണിക്കൂർ പരിശീലനം നൽകുന്നു | 1 വർഷം | അധ്യാപകർ | 500 for 1 day |

# ഉണർവ്

യുപി വിഭാഗം കുട്ടികളുടെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിന് ഭാഗമായി ആരംഭിച്ച പരിശീലന പരിപാടിയാണ് ഉണർവ്. അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിലെ കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നിവയിൽ അടിസ്ഥാന ശേഷികൾ ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് പ്രീടെസ്റ്റുകളിൽ നിന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഉണർവ് എന്ന പദ്ധതി ഈ വർഷവും നടപ്പിലാക്കാൻ തീരുമാനിച്ചത്.

# ലഹരി വിമുക്ത ജീവിതം

| നമ്പർ | മുഖ്യലക്ഷ്യം | പ്രവർത്തനം | കാലാവധി | പിന്തുണ | സാമ്പത്തിക-വിശകലനം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളെയും സമൂഹത്തേയും ബോധവാന്മാരാക്കുക | - SRG യിൽ ചർച്ചചെയ്യൽ<br>- PTA യിൽ അവതരിപ്പിക്കൽ<br>- കുട്ടികളെ തെരഞ്ഞെടുക്കൽ<br>- കുട്ടികൾക്ക് പരിശീലനം നൽകൽ<br>- സ്കൂൾ ജംഗ്ഷൻ ഉൾപ്പടെ '10' പൊതുഇടങ്ങളിൽ തെരുവുനാടകം അവതരിപ്പിക്കൽ | 1 വർഷം | കുട്ടികൾ<br>അധ്യാപകർ<br>PTA അംഗങ്ങൾ<br>ഹെൽത്ത് ഡിപ്പാർട്ട്മെന്റ്<br>എക്സൈസ്<br>പോലീസ് ഡിപ്പാർട്ട്മെന്റ്<br>ജനപ്രതിനിധികൾ | 15,000/- |

| നമ്പർ | മുഖ്യലക്ഷ്യം | പ്രവർത്തനം | കാലാവധി | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. (സഹായി) | സാമൂഹികമായും സാമ്പത്തികമായും ശാരീരികമായും അവശത അനുഭവിക്കുന്ന വിഭാഗത്തിലെ കുട്ടികൾക്കുള്ള ധനസഹായ പദ്ധതി ആവിഷ്കരിക്കുന്നതിന് | അധ്യാപകരുടെയും PTA യുടെയും സഹായത്തോടെ ഓരോ മാസവും ഒരു നിശ്ചിത തുക ശേഖരിക്കുന്നു. മുൻഗണനാക്രമം അനുസരിച്ച് കുട്ടികൾക്ക് സഹായം നൽകുന്നു . | 1 Year | അധ്യാപകർ PTA | 12000/- |
| 2. (സർഗ്ഗം) | കുട്ടികളെ കൂടുതൽ ക്രിയാത്മകമാക്കി അവരിലെ അധിക ഊർജ്ജം നല്ലവഴിക്ക് തിരിച്ചുവിടുക എന്ന ഉദ്ദേശത്തോടെ കലാ കായിക പ്രവൃത്തിപരിചയ മേഖലയ്ക്ക് ഊന്നൽ നൽകി ലഹരി ഉപയോഗം, അക്രമവാസന, മൊബൈലിന്റെ അമിത ഉപയോഗം എന്നിവയിൽനിന്നും അവരെ നേർവഴിക്ക് നടത്തുന്നതിന്. | ക്ലാസ്, സ്കൂൾ തലത്തിൽ കൗൺസിലിംഗ് നടത്തി പ്രശ്നമുള്ള കുട്ടികളെ കണ്ടെത്തുന്നു പരിഹാര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | 1 വർഷം | Art, work & Health Department PTA | 15000/- |

# സൗഖ്യ

ഔഷധ സസ്യത്തോട്ട നിർമ്മാണവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് അമൃത ബോയ്സ് ഹൈസ്കൂൾ കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഇക്ഷണ'. പരിസ്ഥിതിയിൽ നാം അറിഞ്ഞും അറിയാതെയും നിരവധി ഔഷധസസ്യങ്ങൾ കാണപ്പെടുന്നുണ്ട് ഇവ ആരോഗ്യസംരക്ഷണത്തിനു സുപ്രധാന പങ്കുവഹിക്കുന്നു. എന്നാൽ സ്വാഭാവിക വാസസ്ഥല നാശവും പ്രകൃതിയിൽനിന്നും ഔഷധസസ്യങ്ങളുടെ അശാസ്ത്രീയമായ ശേഖരണവും നഗരവൽക്കരണവും മൂലം ഔഷധസസ്യങ്ങളിൽ പലതും വംശനാശ ഭീഷണിയിലുമാണ്. ഈ പ്രതിസന്ധിക്ക് പരിഹാരമായി ഔഷധസസ്യ കൃഷിക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 'ഇക്ഷണ' എന്ന പദ്ധതിക്ക് തുടക്കം കുറിക്കാൻ തീരുമാനിച്ചത്.

കോട്ടക്കൽ ആര്യവൈദ്യശാല, കുട്ടികൾ, അദ്ധ്യാപകർ, പിടിഎ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹകരണത്തോടെ വിദ്യാലയത്തിലും വീടുകളിലും പലതരം ഔഷധ സസ്യങ്ങളെയും ആകർഷകമായ ഉദ്യാന സസ്യങ്ങളായി വളർത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

| നമ്പർ | മുഖ്യലക്ഷ്യം | പ്രവർത്തനം | കാലാവധി | പിന്തുണ | സാമ്പത്തിക -വിശകലനം |
|---|---|---|---|---|---|
| 1 | ഔഷധസസ്യ തോട്ട നിർമാണവും പരിപാലനവും | - SRG യിൽ ചർച്ച<br>- PTA യിൽ വിഷയാവതരണം<br>- തീരുമാനം കൈക്കൊള്ളൽ<br>- ഉദ്ഘാടനം<br>- കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ നേതൃത്വത്തിൽ ഔഷധസസ്യ വിതരണം<br>- അനുയോജ്യമായ കൃഷി സ്ഥലം തിരഞ്ഞെടുക്കൽ, ഒരുക്കൽ<br>- ഔഷധ സസ്യ ഉദ്യാനം സജ്ജമാക്കൽ ബോർഡ് സ്ഥാപിക്കൽ<br>- പാഠഭാഗവുമായി ബന്ധപ്പെടുത്തി കുട്ടികൾക്ക് വ്യത്യസ്തതരം പ്രവർത്തനങ്ങൾ നൽകുന്നു<br>eg : ചുറ്റുപാടുമുള്ള ഔഷധസസ്യങ്ങൾ ശേഖരിക്കൽ, ലിസ്റ്റ് തയ്യാറാക്കൽ, ശാസ്ത്രീയനാമം കണ്ടെത്തൽ, ഉപയോഗം കണ്ടെത്തി പട്ടികപ്പെടുത്തൽ, ചിത്ര ഗാലറി, പ്രോജക്ട്, സെമിനാർ അവതരണങ്ങൾ, വീടുകളിലേക്കും സമൂഹത്തിലേക്കും വ്യാപിപ്പിക്കൽ | 1 വർഷം | - കോട്ടയ്ക്കൽ ആര്യവൈദ്യശാല<br>- അദ്ധ്യാപകർ<br>- PTA<br>- SSK<br>- കുട്ടികൾ<br>-പൂർവ്വഅധ്യാപകർ പൂർവവിദ്യാർത്ഥികൾ | 15,000/- |

## മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ സ്കൂൾ തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ട്രാഫിക് നിയമങ്ങൾ എന്നിവയെ ക്കുറിച്ചു അറിവുകൾ നൽകുന്നു. | ജൂൺ 4 | 6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ, ഹിന്ദി ക്ലബ് | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുകൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്തു വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു |
| 3 | പരിസ്ഥിതി ദിനം | ജൂൺ 5 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | വ്യക്തി ശുചിത്വം പരിസരശുചിത്വം , ഹരിത ക്യാമ്പസ് ,സ്കൂൾ സൗന്ദര്യ |

| | | | | | |
|---|---|---|---|---|---|
| | | | | | വൽക്കരണം എന്നിവയുടെ ആവശ്യകതയെ കുറിച്ചു മനസ്സിലാക്കുന്നു |
| 4 | വായനാദിനം, അഞ്ചാം ക്ലാസ്സിലെ ഹിന്ദി ക്ലബ് രൂപീകരണം | ജൂൺ 19 | 5,6,7 | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | |
| 5 | ലഹരിവിരുദ്ധ ദിനം ,ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | 5,6,7 | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തയ്യാറാക്കുന്നു |
| 6 | പ്രേംചന്ദ് ജയന്തി. | ജൂലൈ 31 | 5,6,7 | ഹിന്ദി അധ്യാപകർ | പ്രേംചന്ദിനെക്കുറിച്ചു അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തയ്യാറാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | സെപ്റ്റംബർ14 | 5,6,7 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസിലാക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | | ു |
| 8 | ഗാന്ധിജയന്തി | ഒക്ടോബർ 2 | 5,6, 7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ ,ഹിന്ദി ക്ലബ് | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. |
| 9 | ശിശുദിനം | നവംബർ 14 | | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ചാച്ചാജിയെക്കുറിച്ചു അറിയാനും ദേശസ്നേഹം വർധിപ്പിക്കാനും പ്രസംഗം അവതരിപ്പിക്കുന്നതിലൂടെ ഭാഷയെ വികസിപ്പിക്കാനും സാധിക്കുന്നു |
| 10 | വിശ്വഹിന്ദി ദിനം, പോസ്റ്റർ നിർമാണം, പ്രസംഗം | ജനുവരി 10 | 5,6, 7 | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | ഹിന്ദി ഭാഷയിൽ വാക് ചാതുരി ലഭിക്കുന്നു |
| | | | | | |
| 11 | ഹിന്ദി നാടകോത്സവം<br>• കഥാവായന<br>• കഥാരചന<br>• അഭിനയപരിശീലനം<br>• ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>• വേദികളിൽ അവതരണത്തിന് അവസരം | 1 വർഷം | 5,6, 7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ , ഹിന്ദി ക്ലബ് | ഭാഷാജ്ഞാനം വർധിപ്പിക്കാൻ സാധിക്കുന്നു |

# ഹിന്ദി

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| ആഴ്ചയുടെ ദിവസങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

## ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.<br>സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ - നവംബർ |

**<u>പത്താംതരം</u>**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു.<br>സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത് പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |



www.educareeducare.blogspot.com or WhatsApp 9746...122

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# അക്കാദമിക മാസ്ററർ പ്ലാന്

ഗണിതം

എച്ച് എസ് വിഭാഗം

| മാസം | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| | കുട്ടികളുടെ മുന്നറിവ് പരിശോധന | കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിനുള്ള ടെസ്റ്റ് നടത്തുന്നു ഈ ടെസ്റ്റിന് പ്രത്യകേം മോഡ്യൂൾ തയ്യാറാക്കുന്നു | ഗണിത അധ്യാപിക | രണ്ട് ആഴ്ച | |
| ജൂൺ | കുട്ടികൾക്ക് ഗണിതത്തോടെ താൽപര്യമുണ്ടാക്കുക | തരെഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ നത്യേത്വത്തിൽ പരിഹാരബോധന പ്രക്രിയ നടത്തുന്നു . | | രണ്ടാ രണ്ടാഴ്ച | |
| | | ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു .ഒരു വർഷത്തേക്ക് വണ്ടേ പ്ലാൻ | | ഒരു മാസം | |

| | | | | | |
|---|---|---|---|---|---|
| | ജിയ ോജി ബ്ര, AI തുടങ്ങി യ സങ്കതേ ങ്ങൾ കകൈകാര് യം ചയെയ്യു വാൻ കുട്ടിക ളെ പ്രാപ്ത രാക്കുക | തയ്യാറാക്കുന്നു. ജാമിതീയ രൂപങ്ങൾ അളവുകൾ ബന്ധങ്ങൾ ഇവ മനസ്സിലാ ക്കുന്നതിന് ജിയ ോജിബ്ര സ ോഫ്റ്റ്വയെർ പരിചയപ്പടെുത് തുകയും പഠന വിഭവങ്ങൾ സ്വയം തയ്യാറാക്കുകയും ചയെയ്യുന്നു. അനുയ ോജ്യമായ മ ോഡ്യൂൾ അധ്യാപിക തയ്യാറാക്കുന്നു | | | |

| | | | | | |
|---|---|---|---|---|---|
| | ജാമിതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് നേടുക | ജ്യാമിതി പെട്ടിയിലെ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ജ്യാമിതീയ പാറ്റേണുകൾ നിർമ്മിക്കുക | | ഒരു മാസം | |
| ജൂലൈ | ഗണിതത്തിന്റെ ചരിത്രം അറിയുക | ഗണിത ക്ലബ്ബിൻറെ പ്രവർത്തന ഭാഗമായി സംഖ്യകളുടെ വളർച്ച ചർച്ച ചെയ്യുന്നു. | | രണ്ട് ആഴ്ച | |
| | മാറിയ ഗണിത സമീപനം ഉൾക്കൊണ്ടുകൊണ്ട് ഗവേഷണ പ്രോജക്ടുകൾ തയ്യാറാക്കുക | അതിൽ തന്നെ വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്ത സെമിനാറുകൾ നടത്തുന്നു.<br>8 9 10 ക്ലാസ്സുകാർ തങ്ങളുടെ പാഠഭാഗവുമായി | | ഒരു മാസം | |

| | | | | | |
|---|---|---|---|---|---|
| | | ബന്ധപ്പെട്ട ഗവേഷണാത്മക പ്രൊജക്ടുകൾ തയ്യാറാക്കുന്നു.<br><br>പരിസ്ഥിതി ദിനം ആചരിക്കുന്നു | | | |

| | | | | | |
|---|---|---|---|---|---|
| ഓ ഗസ്റ്റ് | പ്രായോഗിക ഗണിതത്തെ പറ്റി അറിയുക.<br><br>ഒന്നാം പാദവാർഷിക പരീക്ഷയ്ക്ക് തയ്യാറാക്കൽ | പണവിനിമയം എന്ന പാഠഭാഗത്തെ ആസ്പദമാക്കി നാടകം, കഥ, കാർട്ടൂൺ എന്നിവ തയ്യാറാക്കുന്നു ധനകാര്യ സ്ഥാപനങ്ങൾ സന്ദർശിക്കുക അവിടുത്തെ പ്രവർത്തനങ്ങൾ മനസ്സിലാക്കുക കടക്കെണി എങ്ങനെ ഉണ്ടാകുന്നു എന്ന് മനസ്സിലാക്കുക. ബഡ്ജറ്റ് തയ്യാറാക്കുക പതിപ്പ് തയ്യാറാക്കുക<br><br>ഗണിത ക്ലബ്ബിൻറെ ഭാഗമായി | | | |

| | | | | | |
|---|---|---|---|---|---|
| | | കടംകഥകൾ<br>നിർമ്മിച്ച<br>പതിപ്പ്<br>തയ്യാറാക്കുന്നു | | | |
| സപെറ്<br>റംബർ | ബിജ<br>ഗണിതത്<br>തിന്റെ<br>വളർച്ച<br><br>ഗണിത<br>ശാസ്ത്രജ്<br>ഞത<br>അറിയുക | 6,7,8<br>പാഠപുസ്തകങ്ങ<br>ളെ ആസ്പദമാക്കി<br>ബീജഗണിതത്തി<br>നുണ്ടായ<br>വളർച്ച ഗണിത<br>ക്ലബ്ബിൽ<br>ചർച്ച<br>ചെയ്യുന്നു.<br>പ്രശസ്തരായ<br>ഗണിത<br>ശാസ്ത്രജ്ഞർ<br>ബീജഗണിതത്തിന്<br>റെ വളർച്ചയ്ക്ക്<br>നൽകിയ സംഭാവന<br>സമെിനാറായി | | | |

| | | | | | |
|---|---|---|---|---|---|
| | | അവതരിപ്പിക്കുന്നു | | | |
| ഒക്ടോബർ | ഗണിതശാസ്ത്രമേളയുടെ പ്രാധാന്യം അറിയുക ഗണിതശാസ്ത്രമേളയ്ക്കായി കുട്ടികളെ തയ്യാറാക്കുക | ഗണിതശാസ്ത്രമേളയുടെ ഓരോ വിഭാഗവും കുട്ടികളെ പരിചയപ്പെടുത്തുന്നു. പ്രാധാന്യം ബോധ്യപ്പെടുത്തുന്നു.<br>സ്കൂൾതല ഗണിതശാസ്ത്രമേള സംഘടിപ്പിക്കുന്നു.<br>ഗണിതോത്സവം സംഘടിപ്പിക്കുന്നു | | ഒരു ദിവസം<br>ഒരു ആഴ്ച | 2000 |
| നവംബർ | ഗണിതം നിത്യജീവിതത്തിൽ പ്രയോഗിക്കപ്പെടുന്ന സന്ദർഭങ്ങൾ അറിയുക | ജാമിതീയ അളവുകൾ കുട്ടികളിൽ ഉറപ്പിക്കുന്നതിനായി പ്രായോഗിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു.<br>നിർമ്മാണ മേഖലകളിൽ ഉപയോഗിക്കുന്ന ഗണിതം | | | 2500<br>1000 |

| | | | | | |
|---|---|---|---|---|---|
| | | മനസ്സിലാക്കുന്നതിനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു<br>ഗണിത ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു | | | |
| ഡിസംബർ | രണ്ടാം പാദ വാർഷിക പരീക്ഷ യ്ക്കായി കുട്ടികളെ തയ്യാറാക്കുക | രണ്ടാം പാദവർഷ പരീക്ഷയ്ക്കായി കുട്ടികളെ ഒരുക്കുന്നതിനായി പ്രത്യകം മോഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുന്നു.<br>പ്രശ്നങ്ങളെ എങ്ങനെ അപഗ്രഥിച്ച പരിഹരിക്കാം എന്നതിന് വണ്ടേ പരിശീലനങ്ങൾ നൽകുന്നു.<br>അന്താരാഷ്ട്ര ഗണിതശാസ്ത്ര | | | |

| | | | | | |
|---|---|---|---|---|---|
| | | ദിനം ആചരിക്കുന്നു | | | |
| ജനുവരി | പത്താം ക്ലാസ് കുട്ടികൾക്ക് പരീക്ഷാ പരിശീലനം നൽകുന്നു. | പത്താം ക്ലാസുകാർക്ക് പരിഗണന ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു. | | രണ്ടു മാസം<br><br>ഒരു മാസം | |
| | അങ്കഗണിതം ബീജഗണിതം ജ്യാമിതി ഇവയുടെ ബന്ധത്തെ അറിയുക | 8 9 ക്ലാസിലെ കുട്ടികളെ ബീജഗണിതം ജ്യാമിതി അങ്കഗണിതം തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു<br><br>പതിപ്പ് തയ്യാറാക്കുന്നു | | | |

| | | | | | |
|---|---|---|---|---|---|
| ഫബ്രുവരി | പത്താം ക്ലാസിലെ കുട്ടികളെ പൊതു പരീക്ഷയ്ക്ക് തയ്യാറാക്കൽ | പരീക്ഷാ പരിശീലനം | | | |
| | നിത്യജീവിതത്തിലെ ഗണിതം മനസ്സിലാക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങൾ നൽകുക | കച്ചവട ഗണിതം, മനസ്സിലാക്കുന്നതി ന് കാർണിവൽ സംഘടിപ്പിക്കുന്നു | | | 2000 |
| മാർച്ച് | പരീക്ഷ പരിശീലനം | പരീക്ഷയ്ക്ക് വേണ്ടി കുട്ടികളെ തയ്യാറാക്കുന്നു. | | | |

സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രനിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. <u>ശാസ്ത്രലാബ് നവീകരണം</u><br>ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

മേഖല - അക്കാദമികം

ഉപമേഖല - ആരോഗ്യ കായിക വിദ്യാഭ്യാസം

| SL NO | പൊതു ലക്ഷ്യം | ആക്ടിവിറ്റി –ഫിറ്റ്നസ് ആകുന്നതിന് | കാലാവധി Long Term | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ആരോഗ്യം കൈവരിക്കുന്നതിന് | Yoga class, Aerobic class, Exercise എന്നിവ എല്ലാ ദിവസവും ഒരു മണിക്കൂർ സമയം ചെയ്യിക്കും. | January To March | Yoga Mat<br>Phy: Cd: Lab<br>Health club<br>Gym | 50,000/- |
| | | എല്ലാ കുട്ടികൾക്കും പങ്കെടുക്കാൻ പറ്റുന്നതരത്തിലുള്ള Physical Activity കൾ പ്ലാൻ ചെയ്ത് നടപ്പാക്കും | January To March<br>June to March | Sports Equipments | 5000/- |
| | | എല്ലാ കുട്ടികളും നിർബന്ധമായും ഒരു മണിക്കൂർ സമയം ഏതെങ്കിലും 3 ഗെയിമുകൾ കളിച്ച് പഠിക്കുന്നതിനു വേണ്ടി ട്രെയിനിംഗ് കൊടുക്കും. | January To March<br>June to March | Foot Ball<br>Volly Ball<br>Shuttle Bat<br>Cricket Bat | 5000/- |
| | | ഭിന്നശേഷിയുള്ള കുട്ടികൾക്ക് കൂടി പങ്കെടുക്കുന്ന തരത്തിൽ Minor Games കളും Simple Exercise കളും കോച്ചിങ് കൊടുക്കും | January To March<br>June to March | | |
| 2. | Highly Talented ആയ കുട്ടികളെ സംസ്ഥാന ദേശീയ തലത്തിലേക്ക് ഉയർത്തുന്നതിന് | സ്പോർട്സ് & ഗെയിംസിൽ പ്രത്യേകം താല്പര്യമുള്ള കുട്ടികളെ സെലക്ട് ചെയ്ത് പ്രത്യേക പരിശീലനം നൽകുന്നതാണ്<br>വിദഗ്ധ പരിശീലനം ആവശ്യമുള്ളവരെ പ്രത്യേകം പരിശീലനം ലഭിച്ചവരുടെ സഹായത്തോടെ പരിശീലിപ്പിക്കും | January to July Fitness training of season<br>August to Sept Specified work out<br>preparation for competition | Sports uniform and special coachs | 5000 /- |

| | | | | | |
|---|---|---|---|---|---|
| | | റവന്യൂ സംസ്ഥാന മത്സരങ്ങളുടെ തയ്യാറെടുപ്പിനു ഉള്ള ട്രെയിനിംഗ് കൊടുക്കും | Sept to December Speed work<br><br>Jan to off season work | | |
| 3. | ജൂഡോ പരിശീലനം | കുട്ടികൾക്ക് സ്വരക്ഷയും ,ശാരീരികവും മാനസികവുമായുള്ള ധൈര്യം ലഭിക്കുന്നതിനും ആയോധനകലയായ ജൂഡോ എല്ലാ കുട്ടികൾക്കും പങ്കെടുക്കാവുന്ന രീതിയിൽ പഠിപ്പിക്കും | June – March വരെ എല്ലാ മാസവും ആഴ്ചയിൽ മൂന്നു ദിവസം 1½ മണിക്കൂർ | ജൂഡോ മാറ്റ് | ജൂഡോ അസോസിയേഷന്റെ സഹായം |

## കലാ വിദ്യാഭ്യാസം

| Sl No | പൊതുലക്ഷ്യം | Activity | കാലാവധി |
|---|---|---|---|
| 1. | കുട്ടികളുടെ അഭിരുചിക്കനുസരിച്ച് സംഗീതത്തിലും ചിത്ര രചനയിലും വിജയം സാധ്യമാക്കുന്നതിന് | പ്രാർത്ഥനാ ഗാനം<br>ദേശീയ ഗാനം<br>ദേശ ഭക്തി ഗാനം എന്നിവ അക്ഷര ശുദ്ധിയോടും ഈണത്തോടു കൂടി പാടാൻ പരിശീലിപ്പിക്കും | June-March |
| | | വിവിധ ദിനാചരണങ്ങൾക്കനുസൃതമായി ചിത്ര രചന മത്സരങ്ങൾ നടത്തും | June-March |
| | | ഭിന്നശേഷിയുള്ള കുട്ടികൾക്കുകൂടി പങ്കെടുക്കാൻ സാധിക്കുന്ന തരത്തിൽ കവിത ,ഗാന ചിത്ര രചന കളരികൾ സംഘടിപ്പിക്കും | June-March |
| | | വിദഗ്ധ പരിശീലനം വേണ്ട കുട്ടികൾക്ക് അതിനുള്ള ക്ലാസുകൾ നടത്തും | June-March |
| 2. | കുട്ടികളുടെ അഭിരുചിയും കഴിവും അറിഞ്ഞു വിവിധ മത്സരങ്ങൾക്കുവേണ്ടി സജ്ജരാക്കും | സബ് ജില്ലാ ,Revanue ജില്ലാ സംസ്ഥാന യുവജനോത്സവങ്ങൾക്കുള്ള വിവിധ ഗ്രൂപ്പ് ഇനങ്ങൾക്കുള്ള കുട്ടികളെ തെരഞ്ഞെടുക്കും . | July- September |
| | | വ്യക്തിഗത ഇനങ്ങൾക്ക് താൽപര്യമുള്ള കുട്ടികളെ പരിശീലിപ്പിക്കും | July – January |
| 3. | ഭാരതീയ കലാരൂപങ്ങളെക്കുറിച്ച് മനസിലാക്കാനും നമ്മുടെ കലാചരിത്രത്തെ കുറിച്ച് കൂടുതൽ അറിയാനും | ദൃശ്യ മാധ്യമ സഹായത്തോടെ വിവിധ കലാരൂപങ്ങളെ പരിചയപ്പെടുത്തുന്നു | July- February |

| Sl No | മുഖ്യ ലക്ഷ്യം | പ്രവർത്തനം | കാലാവധി | ഭൗതികം | ചുമതല | പിന്തുണ | സാമ്പത്തിക വരുമാനം |
|---|---|---|---|---|---|---|---|
| 1. | കുട്ടികളെ ദേശീയ ബോധം ഉള്ളവരാക്കുന്നതിന് | ദേശീയഗാനം ദേശീയ ചിഹ്നം , ദേശീയ പതാക എന്നിവയെ ബഹുമാനിക്കുന്നതിനും ആദരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ . ദേശീയ ഗാന സമയം (52 ...) ആലാപനം ,ചരിത്രപരമായ പ്രത്യേകതകൾ ,നാനാത്വത്തിൽ ഏകത്വം ,ദേശീയ പതാക നിർമ്മാണം ,ദേശഭക്തിഗാനങ്ങൾ ,സ്വാതന്ത്ര്യ സമര ചരിത്ര പുസ്തക വായന . | ഹ്രസ്വം | വസ്തുക്കൾ | SS അദ്ധ്യാപകർ | PTA SMC | |
| 2. | കുട്ടികളെ പൗര ബോധമുള്ളവരാക്കുന്നതിന് | പൊതുമുതൽ നശിപ്പിക്കാതിരിക്കുക ,ബഹുമാനം ,ആദരവ് ,മറ്റുള്ളവരെ അംഗീകരിക്കുക നിയമങ്ങൾ അനുസരിക്കുക കടമകൾ നിർവഹിക്കാൻ പ്രാപ്തനാക്കുന്ന പ്രവർത്തനങ്ങൾ | ഹ്രസ്വം | ഭരണഘടനാ ആമുഖം, ലൈബ്രറി ബുക്ക്സ് | SS അദ്ധ്യാപകർ | PTA SMC | |
| 3. | കുട്ടികളിൽ ഭൂമിശാസ്ത്രപരമായ അവബോധം വളർത്തുന്നതിന് | Globe, Atlas, എന്നിവയുടെ നിർമ്മാണം ,പ്രാദേശിക ചരിത്ര രചന ,Seminar, survey തുടങ്ങിയ പ്രവർത്തനങ്ങൾ | മധ്യകാലം | നിർമ്മാണ സാമഗ്രികൾ | SS അദ്ധ്യാപകർ | PTA SMC | |

| Sl No | മൂല്യ ലക്ഷ്യം | പ്രവർത്തനം | കാലാവധി | ഭൗതികം | ചുമതല | പിന്തുണ | സാമ്പത്തിക വരുമാനം |
|---|---|---|---|---|---|---|---|
| 4. | ചരിത്ര ബോധം മൂല്യങ്ങൾ ഇടങ്ങിയവ വളർത്തുന്നതിന് | പഠന യാത്ര ,ചരിത്ര സ്മാരകങ്ങൾ ,മ്യൂസിയം ,പ്ലാനറ്റോറിയം സന്ദർശനം | ഹ്രസ്വം | | SS അദ്ധ്യാപകർ | PTA SMC | |
| 5. | ജനാധിപത്യ ബോധം വളർത്തുന്നതിന് | Model Parliament , Model Election ,ചരിത്ര നാടകം | ഹ്രസ്വം | | SS അദ്ധ്യാപകർ | PTA SMC | |
| 6. | മാതൃകകൾ ഉണ്ടാക്കുന്നതിനുള്ള ശേഷി വികസിപ്പിക്കുന്നതിന് | വർക്കിംഗ് മോഡൽ , സ്റ്റിൽ മോഡൽ നിർമ്മാണം | ഹ്രസ്വം | വസ്തുക്കൾ | SS അദ്ധ്യാപകർ | PTA SMC | |
| 7 | ഇന്ത്യയുടെ മഴക്കാലം മനസിലാക്കുന്നതിന് | ഇന്ത്യയുടെ പ്രധാന മഴകാലങ്ങളായ നോർത്ത് വെസ്റ്റ് , സൗത്ത് ഈസ്റ്റ് mansoon ന്റെ ഉത്ഭവം, അവ അനുഭവപ്പെടുന്ന മാസങ്ങൾ, പ്രദേശങ്ങൾ അവയുടെ ഫലം , ഇന്ത്യയുടെ മഴക്കാലം മാപ്പ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ എന്നിവ | ദീർഘം | ഐ റ്റി സാധ്യത | SS അദ്ധ്യാപകർ | PTA SMC | |
| 8 | കലകളെക്കുറിച്ച് മനസിലാക്കുന്നതിന് | ക്ഷേത്ര കലകളും അനുഷ്ഠാന കലകളും മനസിലാക്കുന്നതിന് അതുമായി ബന്ധപ്പെട്ട ബുക്കുകൾ ,കലാകാരന്മാരുമായി അഭിമുഖം എന്നിവ സംഘടിപ്പിക്കുന്നു | ഹ്രസ്വം | കലാസ്വാദനത്തിനുള്ള സാഹചര്യം ഒരുക്കുന്നു | SS അദ്ധ്യാപകർ | PTA SMC | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | നിയമ പഠനം | നിയമങ്ങൾ അനുസരിക്കാനും കടമകൾ നിർവഹിക്കാനും നിയമത്തിനു വിധേയനായി വളർന്നു വരാൻ പ്രാപ്തനാക്കുന്ന പ്രവർത്തനങ്ങൾ, ബോധവത്കരണ ക്ലാസ് ,സന്ദേശ യാത്രകൾ തുടങ്ങിയ പ്രവർത്തനങ്ങൾ | ഹ്രസ്വം | പുസ്തകങ്ങൾ | SS അദ്ധ്യാപകർ | PTA SMC | | |
| 10. | സാമൂഹ്യ ശാസ്ത്ര ലാബ് | നിരീക്ഷണം, വിവരശേഖരണം ,വിശകലനം,നിഗമനം രൂപപ്പെടുത്തൽ ,ഭൂപടങ്ങൾ ,പട്ടികകൾ ,ചാർട്ടുകൾ ,ഗ്രാഫുകൾ ,ചിത്രങ്ങൾ തുടങ്ങിയവയുടെ സൗകര്യം ഉപയോഗപ്പെടുത്തൽ | ദീർഘം | ലാബിലേക്ക് ആവശ്യമായ വസ്തുക്കൾ | SS അദ്ധ്യാപകർ | PTA SMC | | |
| 11 | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | സാമൂഹിക അവബോധം വളർത്തുന്ന പ്രവർത്തനങ്ങൾ , SS മായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, മത്സരങ്ങൾ , അഭിമുഖങ്ങൾ ചർച്ചകൾ തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | | | SS അദ്ധ്യാപകർ | PTA SMC | | |
| 12 | വിവിധ കാലങ്ങളിൽ ഉപയോഗിച്ചിരുന്ന വസ്തുക്കളെ തിരിച്ചറിയുന്നതിനും സംരക്ഷിക്കുന്നതിനും | Exhibition, Collection തുടങ്ങിയവ നടത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ | ദീർഘം | പണ്ടുകാലത്തു ഉപയോഗിച്ചിരുന്ന വസ്തുക്കൾ | SS അദ്ധ്യാപകർ | PTA SMC | | |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.** വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല - ഹൈസ്കൂൾ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers ഒത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

### ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ്.<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം.</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |



Edit with WPS Office

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | | |
|---|---|---|---|---|---|
| | | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർ ക്കായുള്ള പ്രവർത്തനങ്ങൾ . | | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |